**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1678    21/01/2014-ൽ മറുപടിയ്ക്ക്

**ഗ്രീൻഹൗസ് പദ്ധതി**

ചോദ്യം
ശ്രീ. സാജു പോൾ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ മൂന്നു വീതം ആകെ മൂവായിരം ഗ്രീൻഹൗസുകൾ സ്ഥാപിക്കുവാൻ ആവിഷ്കരിച്ച പദ്ധതി വിലയിരുത്തിയിട്ടുണ്ടോ ;

എ) ഉണ്ട്.

ബി) ഇതിനകം പൂർത്തിയായ ഗ്രീൻ ഹൗസുകളുടെ ജില്ല തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ;

ബി) 1125 അപേക്ഷകൾ ലഭിച്ചതിൽ നിന്നും 340 പേർക്ക് നിർമ്മാണം ആരംഭിക്കുവാനുള്ള അനുമതി ഉത്തരവ് നൽകി. അതിൽ നിന്നും നിർമ്മാണം പൂർത്തിയായ പോളീഹൗസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പൂർത്തിയായ പോളീഹൗസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 9 |
| 2 | കൊല്ലം | 13 |
| 3 | പത്തനംതിട്ട | 9 |
| 4 | ആലപ്പുഴ | 8 |
| 5 | ഇടുക്കി | 8 |
| 6 | കോട്ടയം | 13 |
| 7 | എറണാകുളം | 41 |
| 8 | തൃശ്ശൂർ | 17 |
| 9 | പാലക്കാട് | 22 |
| 10 | മലപ്പുറം | 22 |
| 11 | കോഴിക്കോട് | 6 |
| 12 | വയനാട് | 23 |
| 13 | കണ്ണൂർ | 5 |
| 14 | കാസറഗോഡ് | 1 |
| | **ആകെ** | **197** |

കൂടാതെ 55 പോളീഹൗസുകളുടെ നിർമ്മാണം പൂർത്തിയായിവരുന്നു.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം ബാലരാമപുരം (തിരുവനന്തപുരം), എലവഞ്ചേരി (പാലക്കാട്), ശ്രീകൃഷ്ണപുരം (പാലക്കാട്), ഇഞ്ചക്കാട് (കൊല്ലം), പുഴക്കാട്ടിരി (മലപ്പുറം), കുര്യം (കോട്ടയം), കനകക്കുന്ന് (ഇടുക്കി), കല്പ്പറ്റ (വയനാട്), എടത്തല (എറണാകുളം), മുക്കം (കോഴിക്കോട്), പഴയന്നൂർ (തൃശ്ശൂർ) തുടങ്ങിയ പഞ്ചായത്തുകളിലും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഹെഡ്ക്വാർട്ടേഴ്സിലുമായി നിർമ്മിക്കുന്ന 12 പോളി ഹൗസുകളിൽ 11 പോളിഹൗസുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

സി) വിതരണം ചെയ്ത സബ്സിഡി തുക എത്രയാണ് ;

സി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം 323.92 ലക്ഷം രൂപയും, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 40.50 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

ഡി) പ്രഖ്യാപിച്ച രീതിയിൽ പദ്ധതി നടപ്പായിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

ഡി) പോളീഹൗസുകളുടെ നിർമ്മാണത്തിന്റെ പ്രാരംഭചെലവ് വളരെ ഉയർന്നതിനാലും, ഉചിതമായ സ്ഥലം ലഭ്യമാകാത്തതും, പോളീഹൗസുകളുടെ സ്ട്രക്ച്ചർ നിർമ്മാണത്തിന് ചിലവാകുന്ന തുകയ്ക്കായുള്ള ബാങ്ക് വായ്പയ്ക്ക് ഉയർന്ന പലിശ നിരക്കും കാരണം അപേക്ഷകരുടെ എണ്ണത്തിൽ കുറവ് വന്നതാണ് പ്രഖ്യാപിച്ചരീതിയിൽ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാതെ വന്നത്.

ഇ) ഗ്രീൻ ഹൗസിനായി ലഭിച്ച അപേക്ഷകൾ എത്രയാണ്?

ഇ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പാക്കുന്ന ഗ്രീൻ ഹൗസ് പദ്ധതി പ്രകാരം 1517 അപേക്ഷകളും, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖേന നടപ്പാക്കുന്ന പദ്ധതിക്കായി 12 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ